(എ) നീതിസ്റ്റോറുകൾക്ക് എന്തു തുക ഇതുവരെ നഷ്ടം വന്നിട്ടുണ്ട് ;

(ബി) എപ്രകാരമാണ് നഷ്ടം വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) നീതി സ്റ്റോറുകളുടെ കണക്ക് ആഡിറ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) നീതി സ്റ്റോറുകളുടെ കണക്ക് ആഡിറ്റ് ചെയ്യുവാനുള്ള സംവിധാനം എന്താണ് ;

(ഇ) നീതി സ്റ്റോറുകളുടെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിനെ കൊണ്ട് ആഡിറ്റ് ചെയ്തിക്കുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ&ബി) ലാഭമോ നഷ്ടമോ ഇല്ലാതെ പ്രവർത്തിക്കാനാണ് നീതിസ്റ്റോറുകൾ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രവർത്തനത്തിനിടയിൽ നേരിയ തോതിലുള്ള ലാഭമോ നഷ്ടമോ ഉണ്ടാകാറുണ്ട്. ബന്ധപ്പെട്ട സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാകുമ്പോൾ മാത്രമേ കൃത്യമായ കണക്ക് ലഭ്യമാകൂ.

(സി) നീതി സ്റ്റോറുകൾ നടത്തുന്ന സംഘങ്ങളുടെ കണക്ക് ആഡിറ്റ് നടത്തുന്നതിനൊപ്പം നീതിസ്റ്റോറുകളുടെയും ആഡിറ്റ് നടത്തിവരുന്നു.

(ഡി) സഹകരണ വകുപ്പിലെ ആഡിറ്റ് വിഭാഗമാണ് സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് നടത്തുന്നത്.

(ഇ) സഹകരണ നിയമം അനുസരിച്ചുള്ള ആഡിറ്റ് സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ആയതിനാൽ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ആവശ്യമില്ല.

നീതിസ്റ്റോറുകളുടെ വാടക

145 (1812) ശ്രീ. കെ. സുധാകരൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എം. മുരളി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര നീതിസ്റ്റോറുകൾ നടത്തപ്പെടുന്നു ;

(ബി) നീതി സ്റ്റോറുകൾ നടത്തുന്നതിനുള്ള കെട്ടിട വാടകയിനത്തിൽ എന്തു തുക ചെലവു വരുന്നുണ്ട് ;

(സി) നീതി സ്റ്റോറുകൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള സെൻട്രൽ സ്റ്റോറുകളുടെ പ്രവർത്തനത്തിനു വേണ്ടി കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം ;

(ഇ) ഇവയ്ക്ക് വാടകയിനത്തിൽ എന്തു ചെലവു വരുന്നുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1020 എണ്ണം.

(ബി) നീതിസ്റ്റോറുകളുടെ വാടകയിനത്തിലെ ചെലവ് താഴെ പറയും പ്രകാരമാണ്.

തിരുവനന്തപുരം ജില്ല	- 4.48 ലക്ഷം രൂപ
കൊല്ലം ജില്ല	- 3.78 ,,
പത്തനംതിട്ട ജില്ല	- 1.22 ,,
കോട്ടയം ജില്ല	- 1.34 ,,

മറ്റുജില്ലകളിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) 13 എണ്ണം

ജില്ല	*ഗോഡൗൺ സ്ഥിതിചെയ്യുന്ന സ്ഥലം*
തിരുവനന്തപുരം	പൂജപ്പുര
കൊല്ലം	കരിങ്കോട്
പത്തനംതിട്ട	ഓമല്ലൂർ
ആലപ്പുഴ	ഹരിപ്പാട്
കോട്ടയം	പുത്തനങ്ങാടി
എറണാകുളം	ഗാന്ധിനഗർ
തൃശൂർ	പൂന്തോൾ
പാലക്കാട്	കഞ്ചിക്കോട്
മലപ്പുറം	പാൻടിക്കാട്
കോഴിക്കോട്	പുതിയകടവ്
വയനാട്	മീനങ്ങാടി
കണ്ണൂർ	പയ്യന്നൂർ
കാസർഗോഡ്	നീലേശ്വരം

ഇടുക്കി ജില്ലയിൽ സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന്റെ സ്റ്റോറേജ് സൗകര്യമാണ് ഉപയോഗിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, തൃശൂർ, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ വാടകയ്ക്കെടുത്ത കെട്ടിടങ്ങൾക്കു പുറമേ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലും സാധനങ്ങൾ സൂക്ഷിക്കുന്നുണ്ട്.

(ഇ) ഗോഡൗണുകളുടെ വാടകയിനത്തിൽ കൺസ്യൂമർ ഫെഡറേഷന് പ്രതിമാസം 2,07,154 രൂപ ചിലവ് വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly